ചുള്ളിയിൽ പാലത്തിന്റെ പണി തുടങ്ങാൻ നടപടി

165 [247] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുള്ളിയിൽ—ചടച്ചി—മാർത്താണ്ഡം റോഡിൽ ചുള്ളിയൂരിൽ പണിയാൻ ഉദ്ദേശിക്കുന്ന പാലത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ എല്ലാം പൂർത്തിയായിട്ടും പണി തുടങ്ങാൻ താമസം ഉണ്ടാകുന്നത് എന്തുകൊണ്ടാണ്;

(ബി) പാലം പണിഞ്ഞതിനു ശേഷം ആ റോഡിലുള്ള ചപ്പാത്ത് പൊളിച്ചു മാറ്റേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വളരെയധികം പണം ചെലവാക്കി ചെയ്യുന്ന ചിറ്റാർ ഇംപ്രൂവ്മെന്റ് സ്കീം നാട്ടുകാർക്കു പ്രയോജനപ്പെടണമെങ്കിൽ ചപ്പാത്ത് പൊളിച്ചു മാറ്റണം എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ചപ്പാത്ത് നിലനിൽക്കുന്നതുകൊണ്ട് ഓരോ വർഷവും ആയിരക്കണക്കിന് ഏക്കർ നെൽകൃഷി വെള്ളത്തിൽ മുങ്ങിനശിച്ചു പോകാറുണ്ടെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പാലത്തിന്റെ പണി ഉടൻ ആരംഭിക്കുന്നതിനും ചപ്പാത്ത് പൊളിച്ചു മാറ്റുന്നതിനും സത്വര നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇതിന്റെ എസ്റ്റിമേറ്റിന് അനുമതി നൽകി കഴിഞ്ഞതിനു ശേഷം അനന്തര നടപടികൾ എടുക്കുന്നതാണ്. എസ്റ്റിമേറ്റ് ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ബി,സി) പാലം പണിയുടെ സമയത്ത് ഈ നിർദ്ദേശം പരിഗണിക്കുന്നതാണ്.

(ഡി) ഇല്ല.

(ഇ) എ വിഭാഗത്തിന്റെ ഉത്തരം കാണുക.

അറക്കുന്നുകടവു പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ

166 [248] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരായമുട്ടം—ഇരുമ്പിൽ നെയ്യാറ്റിൻകര റോഡിൽ പണിയാൻ നിർദ്ദേശിച്ചിരുന്ന അറക്കുന്നുകടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനും, ഡിസൈനും, എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനും വേണ്ട നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) പാലം പണി ഉടനെ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നില്ല.

ചെമ്മരുതി—കല്ലണ്ണപ്പാലം

167 [250] ശ്രീ. ടി. എ. മജീദ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെമ്മരുതി—കല്ലണ്ണപ്പാലത്തിന്റെ ഡിസൈൻ പൂർത്തിയായി ജോലി തുടങ്ങാൻ താമസം നേരിടുന്നതിന് കാരണം എന്ത്;

(ബി) എപ്പോഴേക്ക് പണി തുടങ്ങാൻ കഴിയും ?

ഉത്തരം

(എ) പാലത്തിന്റെ ഡിസൈൻ തയ്യാറായി കഴിഞ്ഞു. അപ്രോച്ചു റോഡിന്റെ അലൈൻമെന്റു സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു കൊണ്ടിരിക്കുകയാണ്. അതുകൂടി പൂർത്തിയാക്കി എസ്റ്റിമേറ്റ് ഉടനെ തയ്യാറാക്കുന്നതാണ്.

(ബി) 1980-81-ൽ തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വടശ്ശേരിക്കോണം—പാലാംകോണം റോഡിന്റെ പണി

168 [251] ശ്രീ. ടി. എ. മജീദ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടശ്ശേരിക്കോണം—പാലാംകോണം റോഡുപണിയുടെ രണ്ടാം സ്റ്റേജിന്റെ എസ്റ്റിമേറ്റ് പൂർത്തിയായോ എപ്പോഴേക്ക് ഈ പണി ആരംഭിക്കാൻ കഴിയും;

(ബി) ഫസ്റ്റ്സ്റ്റേജ് പൂർത്തിയായിട്ട് എത്രകാലമായി ?

ഉത്തരം

(എ) ഈ റോഡുപണിയുടെ എസ്റ്റിമേറ്റ് പൂർത്തിയായിട്ടില്ല. എന്നത്തേക്ക് ഈ പണി ആരംഭിക്കാൻ കഴിയുമെന്നു ഇപ്പോഴും പറയാൻ നിവൃത്തിയില്ല.

(ബി) പൂർത്തിയായിട്ടില്ല.

വർക്കല റെയിൽവേ ഓവർബ്രിഡ്ജിന്റെ പണി

169 [252] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല റെയിൽവേ ഓവർബ്രിഡ്ജിന്റെ പണിക്ക് ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടും പണി ആരംഭിക്കാതിരിക്കാൻ കാരണം എന്ത്;

LIBRARY ARCHIVES Kerala Legislative Assembly